FOR PRIVATE CIRCULATION ONLY

# യൂക്കാലിപ്റ്റസ് ആർക്കുവേണ്ടി ?

മഹാശ്വേതാ ദേവി

കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ ഇന്ന് കല്പവൃക്ഷമെന്ന് വാഴ്ത്തുന്ന യൂക്കാലിപ്റ്റസിനെപ്പറ്റി 1961-ലെ പലമാവു, സിംഗ്ഭം ഗസറ്റിയറുകളിൽ പരാമർശമേയില്ല. അതുപോലെതന്നെ പശ്ചിമബംഗാൾ ഗവൺമെന്റ് മുമ്പ് പ്രസിദ്ധീകരിച്ച കൈപ്പുസ്തകത്തിലും യൂക്കാലിപ്റ്റസിന്റെ പേര് കാണാനില്ല. സ്വാഭാവിക വനങ്ങൾ വെട്ടിവെളുപ്പിച്ചിട്ട് അവിടെ യൂക്കാലിപ്റ്റസ് തോട്ടങ്ങൾ വച്ചുപിടിപ്പിക്കുന്ന പ്രവണത വളരെ അടുത്തകാലത്താണ് തുടങ്ങിയത്. യൂക്കാലിപ്റ്റസ് നയവും ഭ്രാന്തവും നിഷ്ഠൂരവുമായ പുതിയ ഫോറസ്റ്റ് ബില്ലും തമ്മിൽ ഗാഢമായ ബന്ധമുണ്ട്.

മഹാവൃക്ഷങ്ങൾ, ലതകൾ, വള്ളികൾ, കുറ്റിച്ചെടികൾ, പൊന്തകൾ പുല്ലുകളും മറ്റു ചെറിയ സസ്യങ്ങളും അടങ്ങുന്ന അടിക്കാട് എന്നിവയെല്ലാം ചേർന്ന സസ്യസമൂഹത്തിനാണ് വനമെന്ന് പറയുന്നത്. സാൽ വനങ്ങളുടെ ഗുണഗണങ്ങളെപ്പറ്റി ധാരാളം എഴുതപ്പെട്ടിട്ടുണ്ട്. നമ്മുടെ കാടുകളിൽ വളരുന്ന ഓരോ മരത്തിനും സമീപവാസികളെ സംബന്ധിച്ചിടത്തോളം സാമൂഹ്യവും സാമ്പത്തികവുമായ പ്രാധാന്യമുണ്ട്. ജാതക കഥകളിൽ ഇങ്ങനെയൊരു കഥയുണ്ട്. ഗൗതമബുദ്ധന്റെ ഭിഷഗ്വരനായ ജീവകനെ അദ്ദേഹത്തിന്റെ ഗുരു കാട്ടിലേക്ക് അയച്ചു. മനുഷ്യസമുദായത്തിന് യാതൊരു പ്രയോജനവും ഇല്ലാത്ത സസ്യങ്ങൾ ശേഖരിച്ചു കൊണ്ടുവരുവാൻ. വളരെനാൾ കാട്ടിലെല്ലാം അന്വേഷിച്ചു നടന്ന ജീവകൻ വെറും കൈയോടെ തിരിച്ചു വന്നു. മനുഷ്യന് ഉപകാരപ്രദമല്ലാത്ത ഒറ്റ ചെടിയും മരവും കണ്ടെത്താൻ ജീവകന് കഴിഞ്ഞില്ല. വനപ്രദേശങ്ങളിൽ ആദിവാസികളും അല്ലാത്തവരുമായ പാവപ്പെട്ട ജനങ്ങൾ വനങ്ങളെ ആശ്രയിച്ച് വല്ല വിധത്തിലും ഉപജീവനം കഴിക്കുന്നു.

ഇന്ത്യക്കാരായ നമുക്ക് നമ്മുടെ മരങ്ങൾ ഏറ്റവും പ്രയോജനകരമായി എങ്ങിനെ ഉപയോഗപ്പെടുത്താം എന്നതിനെക്കുറിച്ച് വിവരമില്ല. പരമ്പരാഗതമായ ഉപയോഗങ്ങൾ മാത്രമേ നമുക്ക് അറിവുള്ളൂ. ശാസ്ത്ര പുരോഗതി നേടിയ മറ്റേതെങ്കിലും രാഷ്ട്രമായിരുന്നെങ്കിൽ ഈ വിഷയത്തെക്കുറിച്ച് വിപുലമായ ഗവേഷണം നടത്തുകയും, അർത്ഥവത്തായ ഒരു വനനയത്തിന്റെ സഹായത്തോടെ ആ അറിവ് പ്രയോജനപ്പെടുത്തുകയും ചെയ്യുമായിരുന്നു. പശ്ചിമബംഗാളിലെ ത്സാർഗ്രാം, ചുരുളിയ എന്നീ പ്രദേശങ്ങൾ ഉദാഹരണമായിട്ടെടുക്കുക. ഇവിടെ സാൽ, പ്ലാശ്, ഞാവൽ, പ്ലാവ്, നെല്ലി മുതലായ മരങ്ങൾ ശ്രദ്ധയോടെ നട്ടുപിടിപ്പിച്ച് വനങ്ങൾ വളർത്തിയിരുന്നെങ്കിൽ ആ പ്രദേശങ്ങളിലെ ജനങ്ങൾക്ക് ഭക്ഷണവും വിറകും ലഭിക്കുകയും അവരുടെ മറ്റ് ജീവിതാവശ്യങ്ങൾ നിറവേറ്റപ്പെടുകയും ചെയ്യുമായിരുന്നു. അത്തരമൊരു വനത്തിൽ വന്യജീവികൾ വർദ്ധിക്കും. സർവോപരി മണ്ണിന്റെ ഊർപ്പം നിലനിർത്താൻ വനം സഹായകമായിത്തീരുമായിരുന്നു. ചുറ്റുപാടുമുള്ള ഗ്രാമീണരുടെ ആവശ്യങ്ങൾ നിറവേറ്റുന്ന ഇത്തരമൊരു വനത്തിനെ മാത്രമേ 'സാമൂഹ്യ വനം' (സോഷ്യൽ ഫോറസ്റ്റ്) എന്ന് വിളിക്കുവാൻ പാടുള്ളൂ.

വളരെ പഴക്കമില്ലാത്ത ഡിസ്ട്രിക്റ്റ് ഗസററിയറുകൾ നോക്കിയാൽ, നാടൻ മരങ്ങളും ചെടികളും പൂർണ്ണമായി നശിപ്പിക്കുക എന്നത് ഗവർമെൻറിന്റെ വനനയത്തിന്റെ ഉദ്ദേശമായിരുന്നില്ല എന്ന് കാണാം. 1961 -ലെ സിംഗ്ഭം ഡിസ്ട്രിക്റ്റ് ഗസററിയറിൽ, ആ ഡിസ്ട്രിക്റ്റിലെ ഏററവും പ്രധാനപ്പെട്ട വനവിഭവം സാൽമരമായിരുന്നു എന്ന് പറഞ്ഞിട്ടുണ്ട്. വിംകോ തീപ്പെട്ടി കമ്പനിക്ക് വളരെക്കുറച്ച് എലവും മററ് വെള്ളമരങ്ങളും നൽകിയിരുന്നു. കാട്ടിൽ നിന്ന് കിട്ടുന്ന വിഭവങ്ങളിൽ 50% സാൽമരങ്ങളാണെന്ന് പലമാവു ഗസററിയറിൽ പറയുന്നു. പേപ്പർമില്ലുകൾക്ക് വേണ്ടി മുള ധാരാളമായി നടുവളത്തേണ്ടതിന്റെ ആവശ്യകതയും ഈ ഗസററിയർ ചൂണ്ടിക്കാണിക്കുന്നു. പ്രധാനമായും വനവിഭവങ്ങളിൽ നിന്നുള്ള വരുമാനത്തെ ആശ്രയിക്കുന്ന ജില്ലകളാണ് ഇവ രണ്ടും. പക്ഷേ, 1961 - ലെ ഗസററിയറുകളിൽ യൂക്കാലിപ്റ്റസിനെപ്പററി ഒരൊററ പരാമർശം പോലുമില്ല.

ഇന്ന് സ്വീഡനിൽ നിന്നും മററും കിട്ടുന്ന മൂലധനം ഉപയോഗിച്ച് സിംഗ്ഭം ജില്ലയിലെ സ്വാഭാവിക വനങ്ങൾ വെട്ടിമാററി പകരം യൂക്കാലിപ്റ്റസ് നടുകയാണ്. 'വിംകോ' കമ്പനിക്ക് തീപ്പെട്ടിയുണ്ടാക്കാൻ യൂക്കാലിപ്റ്റസ് വേണം. മുള, പ്ലാശ്, പൂവം മുതലായ മനോഹരതരുലതകൾ നിറഞ്ഞ കാടുകൾ ചീന്തിയെറിയപ്പെട്ട് പകരം യൂക്കാലിപ്റ്റസ് ഉടുപ്പിക്കപ്പെട്ട പലമാവു കണ്ടപ്പോൾ ഞാൻ ഞെട്ടിത്തരിച്ചുപോയി. ഒരാദിവാസി സ്ത്രീ പട്ടണത്തിലെ പച്ചപ്പരിഷ്കാരികളുടെ വസ്ത്രങ്ങളുടുത്ത് മുമ്പിൽ നിന്നാൽ ഇത്രയും അപാകത തോന്നുകയില്ല. പക്ഷേ, പലമാവും, സിംഗ്ഭം ജില്ലകളിൽ അങ്ങിങ്ങ് സ്വാഭാവികവനം ഇനിയും അല്പമൊക്കെ അവശേഷിച്ചിട്ടുണ്ട്. ബങ്കുര, ചുരുളിയ, മിഡ്നാപ്പൂർ എന്നിവിടങ്ങളിൽ യൂക്കാലിപ്റ്റസ് മാത്രമേയുള്ളൂ. ഗവർമെൻറിന്റെ സാമൂഹ്യ വനവൽക്കരണം കാരണം നമ്മുടെ ഗ്രാമീണർക്ക് ഭക്ഷണവും വിറകും തൊഴിലും എല്ലാം നഷ്ടപ്പെട്ടിരിക്കുന്നു. യൂക്കാലിപ്റ്റസിന്റെ ഇലയോ തോലോ പഴമോ ഒന്നും തിന്നാൻ കൊള്ളുകയില്ല. യൂക്കാലിപ്റ്റസ് മഴയിൽ നിന്നും വെയിലിൽ നിന്നും സംരക്ഷണം നൽകുന്നില്ല. എങ്കിലോ പശ്ചിമബംഗാളിൽ യൂക്കാലിപ്റ്റസിനെതിരെ മിണ്ടിപ്പോയാൽ അത് " ത്സാർഖണ്ട് വാദികളുടെ പ്രചാരണത്തിന്റെ സ്വാധീനം കൊണ്ടാണെന്ന് വ്യാഖ്യാനിക്കപ്പെടും.

പെട്ടെന്ന് നമ്മുടെ വനംവകുപ്പിന് യൂക്കാലിപ്റ്റസിനോട് ഇങ്ങനെയൊരു പ്രേമപാരവശ്യം തോന്നാൻ കാരണമെന്ത്? യൂക്കാലിപ്റ്റസിൽ നിന്ന് തീപ്പെട്ടിയും റയോണും വീട്ടുപകരണങ്ങളും മരുന്നും ഉണ്ടാക്കാമെന്നതുതന്നെ കാരണം. യൂക്കാലിപ്റ്റസ് ഉല്പന്നങ്ങളുമായി ബന്ധപ്പെട്ട ഫാക്ടറികൾ, തൊഴിൽശാലകൾ എന്നിവകൊണ്ട് ഏതു വർഗ്ഗത്തിനാണ് ഗുണം കിട്ടുന്നത്? പാവപ്പെട്ടവർക്കും ദരിദ്രർക്കും അല്ലതന്നെ. വനത്തെ ആശ്രയിച്ച് ജീവിതം നയിക്കുന്ന സമൂഹത്തിന് വേണ്ടിയുള്ളതാണ് വനം. സിംഗ്ഭം ജില്ലയിലെ ഒരു ഹോ*, പലമാവു ജില്ലയിലെ ഒരു പർഹായിയാ*, പശ്ചിമബംഗാളിലെ ഒരു ലോധാ* അല്ലെങ്കിൽ സന്താൾ* ഇവരാരും യൂക്കാലിപ്റ്റസ് ഉല്പന്നങ്ങൾ ഉണ്ടാക്കുന്നതിനു വേണ്ടി മൂലധനം മുടക്കിയതായി ഞാൻ കേട്ടിട്ടില്ല.

* ആദിവാസി വർഗ്ഗങ്ങൾ.

സാമൂഹ്യ വനവൽക്കരണം ഏതു സമൂഹത്തിനുവേണ്ടി? പാവപ്പെട്ടവർക്കും ദരിദ്രർക്കും വേണ്ടി അല്ല. പിന്നെ, സമ്പന്നവർഗ്ഗത്തിനു വേണ്ടിയോ? ആയിരിക്കണം. പക്ഷെ, ഇതിന്‌വേണ്ടി രാഷ്ട്രം സഹിക്കുന്ന നഷ്ടം എത്രയാണ്?

യൂക്കാലിപ്റ്റസിന്റെ ജന്മദേശം ആസ്ട്രേലിയയാണ്. അവിടെ നിന്ന് 1840-ൽ ആണ് അത് ഇന്ത്യയിലേക്ക് ആദ്യമായി കൊണ്ടുവരപ്പെട്ടത്. ഇവിടുത്തെ സമ്പന്നന്മാരുടെ വലിയ തോട്ടങ്ങളിൽ ഒരു അലങ്കാര വൃക്ഷമായിട്ടാണ് അത് ആദ്യം അവതരിപ്പിച്ചത്. യൂക്കാലിപ്റ്റസ് വളരെ അപകടകാരിയായതെന്തുകൊണ്ട്. അത് വച്ച് കളിക്കാൻ എല്ലാ രാജ്യങ്ങൾക്കും പേടിയായിരുന്നു. ആരും യൂക്കാലിപ്റ്റസ് തോട്ടങ്ങൾ ഉണ്ടാക്കാൻ ധൈര്യപ്പെട്ടില്ല. പൂർണ്ണവളർച്ചയെത്തിയ ഒരു യൂക്കാലിപ്റ്റസ് മരം ഒരു ദിവസം മണ്ണിൽ നിന്ന് 40 ഗ്യാലൻ വെള്ളം വലിച്ചെടുക്കുന്നു. അതുകൊണ്ട് വരണ്ട പ്രദേശങ്ങളിലെ മണ്ണിന് അത് നല്ലതല്ല. അതേസമയം ചതുപ്പു നിലങ്ങൾക്കും മരുഭൂമികൾക്കും അത് അനുയോജ്യമാണ്. ഏതു തരത്തിലുള്ള മണ്ണിലും വളരുന്ന മരമാണത്. എവിടെയെല്ലാം യൂക്കാലിപ്റ്റസ് തോട്ടങ്ങൾ വന്നുവോ അവിടെയെല്ലാം കുഴൽകിണറുകൾ വറ്റുകയും കിണറുകളിലെ ജലവിതാനം താഴുകയും ചെയ്തതായി നൈനിത്താൾ ഡിവിഷനിലെ ടെറായ് വനങ്ങളുടെ മേൽനോട്ടക്കാരനായ ഉദ്യോഗസ്ഥൻ 1975-ൽ സമ്മതിക്കുകയുണ്ടായി. അവിടുത്തെ യൂക്കാലിപ്റ്റസ് തോട്ടങ്ങളിൽ അടിക്കാടുകൾ വളരുന്നില്ലെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. അടുത്തുള്ള അരുവികളും നദികളും വറ്റിപ്പോവുകയാണെങ്കിൽ യൂക്കാലിപ്റ്റസ് തോട്ടങ്ങൾ പിഴുതുമാറ്റേണ്ടതാണെന്ന് മർജോറി സൈക്സ് ശുപാർശ ചെയ്യുന്നു.

സ്വാഭാവിക വനങ്ങൾ വെട്ടി യൂക്കാലിപ്റ്റസ് വച്ച ടെറായ് പ്രദേശങ്ങളിലെ പാരിസ്ഥിതിക സംതുലനം ആകെ തകരാറിലായിരിക്കുന്നതായി പരിസ്ഥിതി ശാസ്ത്രജ്ഞന്മാർ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. വേനൽക്കാലത്ത് സമതലങ്ങളിൽ നിന്ന് വീശുന്ന ഉഷ്ണക്കാറ്റിനെ തടഞ്ഞു നിർത്താൻ യൂക്കാലിപ്റ്റസിന് കഴിവില്ല. മുമ്പ്, ഈ കാറ്റ് ടെറായ് പ്രദേശത്ത് എത്തുമ്പോൾ അവിടുത്തെ ഈർപ്പം വലിച്ചെടുത്ത് തണുക്കുമായിരുന്നു. ഇന്ന് ചൂടുകാറ്റ് നേരെ ചെന്ന് ഹിമരേഖയിൽ തട്ടുന്നു. അതിന്റെ ഫലമായി പിണ്ടാരി ഹിമാനി പിൻവാങ്ങിത്തുടങ്ങിക്കഴിഞ്ഞിരിക്കുന്നു. നൈനിത്താളിലും മുസ്സോറിയിലും പഴയ സുഖശീതളമായ കാലാവസ്ഥ ഓർമ്മ മാത്രമായി മാറിക്കഴിഞ്ഞിരിക്കുന്നു.

* ഹിമാലയത്തിന്റെ അടിവാരത്തിലുള്ള മലകൾക്കും ഗംഗാസമതലത്തിനും ഇടയിലുള്ള കുന്നും താഴ്വരകളും നിറഞ്ഞ പ്രദേശം. അധികവും ചതുപ്പുനിലങ്ങളാണ്. ഇടയ്ക്കിടയ്ക്ക് നിബിഡവനങ്ങൾ. യു.പി. മുതൽ പശ്ചിമബംഗാളിന്റെ വടക്കുപടിഞ്ഞാറൻ പ്രദേശങ്ങൾ വരെ നീണ്ടു കിടക്കുന്നു.

തുടർച്ച...../

1982-ൽ ഡെറാഡൂൺ ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സന്ദർശിച്ച ലോകപ്രസിദ്ധനായ ഒരു ശാസ്ത്രജ്ഞൻ ഡെറാഡൂണിനും ഋഷികേശിനും ഇടയ്ക്ക് യൂക്കാലിപ്റ്റസ് തോട്ടങ്ങൾ വളർന്നു നിൽക്കുന്നത് കണ്ടു് പരിഭ്രാന്തനായി. പഴങ്ങളും വിറകും നൽകുന്ന മരങ്ങൾ വെട്ടിയിട്ട് യൂക്കാലിപ്റ്റസ് നടുന്നത് ശുദ്ധമായ ഭോഷത്തരമാണെന്ന് അദ്ദേഹം പറഞ്ഞു. യൂക്കാലിപ്റ്റസ് ഈർപ്പം വലിച്ചെടുത്ത് മണ്ണിനെ ഉണക്കിക്കളയുന്നു-ഇന്ത്യയിൽ ഏതെങ്കിലും വൃക്ഷം ഉന്മൂലനം ചെയ്യേണ്ടതുണ്ടെങ്കിൽ അത് യൂക്കാലിപ്റ്റസാണ്.

ചുരുളിയയിലെ മണ്ണിനുണ്ടായിരുന്ന അല്പമാത്രമായ ഈർപ്പവും യൂക്കാലിപ്റ്റസ് തോട്ടങ്ങൾ വ്യാപകമായി വച്ചുപിടിപ്പിച്ചതുമൂലം നഷ്ടമായിരിക്കുന്നതായി ഞാൻ ആ പ്രദേശങ്ങളിൽ പര്യടനം നടത്തിയപ്പോൾ ഒരു മണ്ണുസംരക്ഷണ വിദഗ്ദ്ധൻ എന്നോട് പറഞ്ഞു. യൂക്കാലിപ്റ്റസിന്റെ രൂക്ഷമായ ഗന്ധം മൂലം, പുഷ്പങ്ങളുടെ പരാഗണത്തിന് സഹായിക്കുന്ന വണ്ടുകളും, പൂമ്പാറ്റകളും മറ്റും ഒഴിഞ്ഞു പോകുന്നതുകൊണ്ട് പ്രകൃതിയിലെ സൃഷ്ടിപ്രക്രിയകൾ തടയപ്പെടുന്നു. യൂക്കാലിപ്റ്റസ് തോട്ടങ്ങളിൽ ചെറിയ മൃഗങ്ങളും പക്ഷികളും അപൂർവ്വമായിരിക്കും. എനിക്ക് പരിചിതമായ ഇന്ത്യയെക്കുറിച്ച് എനിക്ക് ഉൽക്കണ്ഠയുണ്ട്. പാവപ്പെട്ട, പട്ടിണിക്കാരായ, നിസ്സഹായരായ ജനങ്ങളുടെ രാജ്യമാണ് ഇന്ത്യ. ഇവരിൽ ഭൂരിപക്ഷവും ഭൂരഹിതരാണ്. കുറച്ചുപേർക്ക് ഭൂമിയുണ്ട്. അവർ ലഭ്യമായ വിഭവങ്ങൾകൊണ്ട് പരമാവധി പ്രയോജനം ഉണ്ടാക്കുന്നതിൽ ഉൽസുകരാണ്. ചുരുളിയ, ബങ്കുര, മിഡ്നാപ്പൂർ, സിംഗ്ഭം, പലമാവു എന്നിവിടങ്ങളിലെല്ലാം യൂക്കാലിപ്റ്റസ്കൊണ്ട് നിറയ്ക്കുകയെന്നുവച്ചാൽ എന്റെ ഇന്ത്യയ്ക്ക് കുടിവെള്ളം മുടക്കുകയാണ്. കൃഷിചെയ്യാൻ വേണ്ട ഈർപ്പം ഇല്ലാതാക്കുകയാണ്.

പത്ത് സാൽമരങ്ങൾ വലിച്ചെടുക്കുന്നത്രയും വെള്ളം ഒരൊറ്റ യൂക്കാലിപ്റ്റസ് വലിച്ചെടുക്കുന്നു. യൂക്കാലിപ്റ്റസിന്റെ നേർത്ത തടിക്കും, താഴേക്ക് തൂങ്ങിക്കിടക്കുന്ന നീണ്ട ഇലകൾക്കും കാറ്റിനെ തടഞ്ഞു നിർത്താൻ കഴിവില്ല. അതിന് തണൽ നൽകാനും കഴിവില്ല. അങ്ങനെ സൂര്യതാപവും കാറ്റും നേരിട്ട് ഏറ്റ് ഈർപ്പവും സസ്യപോഷകങ്ങളും പിടിച്ചുനിർത്തേണ്ട മേൽമണ്ണ് ഇല്ലാതാവുന്നു. അതിനടിയിലുള്ള മണൽ നിറഞ്ഞ മണ്ണ് പുറത്തു വരുന്നു. കാലവർഷത്തിൽ ഈ മണൽ ഒലിച്ച് പുഴത്തടങ്ങളിൽ അടിയുന്നു. തൽഫലമായി പുഴത്തടങ്ങൾ ഉയരുന്നു. പുഴക്കരകളിലുള്ള മരങ്ങളും ചെടികളും നശിക്കുന്നതിന്റെ ഫലമായി പുഴയുടെ വീതിയും വർദ്ധിക്കുന്നു. ഇങ്ങനെയുള്ള പുഴകളിൽ പെട്ടെന്ന് വെള്ളപ്പൊക്കമുണ്ടായി വമ്പിച്ച ദുരിതങ്ങൾ വരുത്തിവയ്ക്കുന്നു.

വന്യമൃഗങ്ങളുടെ ആവാസവ്യൂഹമായ സ്വാഭാവിക വനങ്ങൾ നശിപ്പിച്ചിട്ട് യൂക്കാലിപ്റ്റസ് വയ്ക്കുകയും എന്നിട്ട് വന്യമൃഗ സംരക്ഷണത്തിൽ ഇന്ത്യയ്ക്കുള്ള താല്പര്യത്തെപ്പറ്റി കൊട്ടിഘോഷിക്കുകയും ചെയ്യുന്നത് തനതായ വഞ്ചന(ഹിപ്പോക്രിസി)യാണ്.

തുടർച്ച...

നിഷ്പക്ഷവും വസ്തുനിഷ്ഠവുമായ ഒരു പഠനത്തിൽ നിന്ന് താഴെ പറയുന്ന കാര്യങ്ങൾ വ്യക്തമാവും. (1) നേരത്തേതന്നെ കുറഞ്ഞുകൊണ്ടിരിക്കുന്ന ഭൂഗർഭ ജലസമ്പത്തിന് യൂക്കാലിപ്റ്റസ് വബിച്ച ഭീഷണിയാണ്; (2) രാജ്യത്തിന്റെ പരിസ്ഥിതിയുടേയും കാലാവസ്ഥയുടേയും അന്തരീക്ഷത്തിന്റെയും സന്തുലിതാവസ്ഥയെ അത് തകർത്തുകൊണ്ടിരിക്കുന്നു. (3) സമതലങ്ങളിൽ നിന്നടിക്കുന്ന ഉഷ്ണക്കാറ്റ് ഹിമാലയത്തിലെ മഞ്ഞുരുകി വബിച്ച കെടുതികൾ ഉണ്ടാകാതിരിക്കണമെങ്കിൽ ഹിമാലയത്തിന്റെ അടിവാരത്തിലുള്ള യൂക്കാലിപ്റ്റസ് തോട്ടങ്ങൾ ഉൻമൂലനം ചെയ്തു, സ്വാഭാവിക വനങ്ങൾ വളർത്തണം; (4) യൂക്കാലിപ്റ്റസ് നട്ട സ്ഥലങ്ങളിലെ നദികളും അരുവികളും കിണറുകളും കുളങ്ങളും കുഴൽകിണറുകളും വറ്റിക്കൊണ്ടിരിക്കുകയാണ്. (5) ജലദൗർലഭ്യം ഉള്ള സ്ഥലങ്ങളിൽ യൂക്കാലിപ്റ്റസ് നടുന്നത് മഹാപാതകമാണ്.

ഇത്തരമൊരു പഠനത്തിൽ നിന്ന്, യൂക്കാലിപ്റ്റസ്കൊണ്ട് ആർക്കാണ് ലാഭമുണ്ടാകുന്നതെന്നും ആർക്കാണ് നഷ്ടം സംഭവിക്കുന്നതെന്നും വ്യക്തമാവും. ഇന്ത്യയിലെ ലക്ഷക്കണക്കിന് പട്ടിണിപ്പാവങ്ങളെ യൂക്കാലിപ്റ്റസ് രക്ഷിക്കുമോ? എങ്ങനെ? ബിഹാർ ഗവർമെന്റ് 1952-ൽ ഭൂപരിഷ്ക്കരണം നടപ്പാക്കിയെങ്കിലും പലമാവ് ജില്ലയിലെ ഭൂരിപക്ഷം അടിമപ്പണിക്കാർക്കും അവരുടെ കുടികിടപ്പ് ഭൂമിയിൽ യാതൊരവകാശവുമില്ല. പശ്ചിമ് ബംഗാളിലെ ഖേരിയ-ഷബരാസ് വർഗ്ഗക്കാരെ വനംവകുപ്പ് ഉദ്യോഗസ്ഥൻമാരും പോലീസും ചേർന്ന് അവരുടെ കുടികിടപ്പ് ഭൂമിയിൽ നിന്ന് ആട്ടിപ്പായിച്ചുകൊണ്ടിരിക്കുകയാണ്. മിഡ്നാപ്പൂരിലെ ലോധാ വർഗ്ഗക്കാരുടെ നിലനിൽപ്പ് തന്നെ അപകടത്തിലാണ്. പശ്ചിമബംഗാളിലെ സന്താളുകൾ തൊഴിലന്വേഷിച്ച് തെണ്ടിത്തിരിയുകയാണ്. പശ്ചിമബംഗാളിലും ബിഹാറിലും നിസ്വരായി ജീവിക്കുന്ന ഗോത്രവർഗ്ഗക്കാർ വേറെയുമുണ്ട്. എന്റെ ഇന്ത്യയിൽ ഒരു നേരത്തെ ഭക്ഷണത്തിന് വേണ്ടി ഏഴാം വയസ്സിൽ കുട്ടികൾ അടിമവേലക്ക് ചേരുന്നു. യൂക്കാലിപ്റ്റസ് അവരെ രക്ഷിക്കുമോ? ഈ പാവപ്പെട്ടവർക്ക് റയോൺ വ്യവസായങ്ങളും തീപ്പെട്ടി നിർമ്മാണശാലകളും നടത്താൻ കഴിയുമോ? അവർ പേപ്പർ മില്ലുടമകളായിത്തീരുമോ? അവർ ഫർണിച്ചർ ഷോപ്പുകളാരംഭിക്കുമോ?

ഉത്തരം നമുക്കറിയാം. അപ്പോൾപ്പിന്നെ ആർക്കു വേണ്ടിയാണ് നാം നമ്മുടെ ഹിമാലയങ്ങളെ, നമ്മുടെ കാലവർഷങ്ങളെ, നമ്മുടെ കൃഷിയിടങ്ങളെ, നമ്മുടെ പാവപ്പെട്ട ജനങ്ങളെ ബലി കഴിക്കുന്നത്. സമ്പന്നരാജ്യങ്ങളെ കൂടുതൽ സമ്പന്നരാക്കുവാനും വൻവ്യവസായങ്ങളെ കൂടുതൽ കൊഴുപ്പിക്കാനും വേണ്ടി മാത്രം ഇന്ത്യയിലെ കോടിക്കണക്കിന് പട്ടിണിപ്പാവങ്ങൾ എന്തിനീ ദുരിതങ്ങൾ ഏറ്റുവാങ്ങണം?

'സഗ്വന' പ്രസ്ഥാനം സിംഗ്ഭം ജില്ലയിൽ മാത്രം ഒതുങ്ങി നിൽക്കുന്നു. രാജ്യവ്യാപകമായ ഒരു യൂക്കാലിപ്റ്റസ്വിരുദ്ധ പ്രസ്ഥാനത്തിന് മാത്രമേ ഈ ഭയങ്കര ഭീഷണിക്ക് പരിഹാരം കാണാൻ കഴിയുകയുള്ളൂ. യൂക്കാലിപ്റ്റസിനെ ആധാരമാക്കിയുള്ള വനനയവും പുതിയ ഫോറസ്റ്റ് ബില്ലും പരസ്പരം ബന്ധമുള്ളവയായതുകൊണ്ട് ഇത്തരമൊരു വിപുലമായ പ്രസ്ഥാനത്തിന് മാത്രമേ രണ്ടിനേയും പരാജയപ്പെടുത്താൻ കഴിയുകയുള്ളൂ.

(കടപ്പാട്: എക്കണോമിക് ആൻറ് പൊളിറ്റിക്കൽ വീക്കിലി)

ബിഹാറിലെയും പശ്ചിമബംഗാളിലെയും കഥയാണ് മഹാശ്വേതാ ദേവി പറയുന്നത്. വയനാട്ടിലെയും ഇടുക്കിയിലെയും പേപ്പാറയിലെയും എല്ലാം സ്ഥിതി ഇതിന് സമാന്തരമല്ലേ. കേരളത്തിൽ പ്രകൃതിസംരക്ഷകർ പോലും യൂക്കാലിപ്റ്റസിന്റെ ഭീഷണി ഗൗരവമായി എടുത്തിട്ടില്ല. ഇപ്പോഴും, ആദിവാസികൾക്കും ഗ്രാമങ്ങളിലെ പാവപ്പെട്ടവർക്കും കുടിവെള്ളവും ഭക്ഷണവും തൊഴിലും മുടക്കുന്ന മഹാപാതകം നിർബാധം തുടരാൻ അനുവദിച്ചിരിക്കുന്നു. ഇതിനെതിരെ നാം ശബ്ദമുയർത്തേണ്ടതല്ലേ?

നിങ്ങളുടെ പ്രതികരണം താഴെ കൊടുക്കുന്ന ഏതെങ്കിലും ഒരു വിലാസത്തിൽ അറിയിക്കുക:

സെക്രട്ടറി,
വയനാട് പ്രകൃതി സംരക്ഷണ സമിതി,
നായ്ക്കട്ടി - 673 592

For Private Circulation only. Published by Secretary, Wynad Prakruthi Samrakshana Samithi, Naikkatty - 673 592. For copies contact either Wynad Prakruthi Samrakshana Samithi or Solidarity Mananthavady.

$$$$$$$$$$$$$$$$$$$$$$